2670
28/7/12

-93-

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗവൺമെൻറ് സെക്രട്ടേറിയറ്റ് - അറ്റൻഡൻസ് മാനേജ്മെൻറ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം)- അറ്റൻഡൻസ് മാനേജ്മെൻറ് സിസ്റ്റത്തിലൂടെ ഷിഫ്റ്റ് ഡ്യൂട്ടിയിലുള്ളവർക്ക് ഹാജർ രേഖപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപന) വകുപ്പ്

സ.ഉ (എം.എസ്)നം. 85/11/പൊ.ഭ.വ തീയതി, തിരുവനന്തപുരം, 10/03/2011.

---

പരാമർശം:- 1) സ.ഉ. (എം.എസ്)നം.1/2010/പൊ.ഭ.വ തീയതി 01.01.2010.
2) 15.09.2010-ലെ സ.ഉ. (എം.എസ്) നം. 318/10/പൊ.ഭ.വ.

<u>ഉത്തരവ്</u>

ഒന്നാമത് പരാമർശിച്ച ഉത്തരവ് പ്രകാരം ഗവൺമെൻറ് സെക്രട്ടേറിയറ്റിൽ അറ്റൻഡൻസ് മാനേജ്മെൻറ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) 01.04.2010 മുതൽ നടപ്പാക്കുകയും മന്ത്രിമാരുടെ ഓഫീസുകളിലുള്ള ജീവനക്കാരുൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരും ഇതിനായി സെക്രട്ടേറിയറ്റിലെ വിവിധ കെട്ടിടങ്ങളിലെ കവാടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് കാർഡ് അടിസ്ഥാനമാക്കിയുള്ള ഫിംഗർ പ്രിന്റ് ബയോ സ്റ്റേഷൻ മുഖേന ഹാജർ രേഖപ്പെടുത്തുന്നതിന് ഉത്തരവാകുകയും ചെയ്തിരുന്നു.

ഒന്നാമത് പരാമർശിച്ച ഉത്തരവ് പ്രകാരം നടപ്പാക്കി വരുന്ന ഈ സമ്പ്രദായം രണ്ടാമത് പരാമർശിച്ച ഉത്തരവ് പ്രകാരം 01.10.2010 മുതൽ നിർബന്ധമാക്കി ഉത്തരവാകുകയും പഞ്ചിംഗ് സിസ്റ്റത്തിലൂടെ ഹാജർ രേഖപ്പെടുത്താത്തവർക്കെതിരെ സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലും മറ്റ് ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

പഞ്ചിംഗ് സിസ്റ്റത്തിലൂടെ ജീവനക്കാർ ഹാജർ രേഖപ്പെടുത്തുന്ന കാര്യം അവലോകനം നടത്തിയതിൽ ഷിഫ്റ്റ് ഡ്യൂട്ടിയിൽ ജോലി ചെയ്യുന്ന ജീവനക്കാർ രാത്രികാലങ്ങളിലും രാവിലെയും ഹാജർ രേഖപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ ഹാജർ റെക്കോർഡ് ചെയ്യപ്പെടുന്നതായി കാണുന്നില്ല.

എന്നാൽ ഈ വിഭാഗക്കാർക്കായി പ്രത്യേകമായി മെഷീനുകൾ അനുവദിച്ചാൽ ഇത്തരമൊരു അവസ്ഥയ്ക്ക് പരിഹാരമാകും എന്ന് കണ്ടതിനാൽ ലിഫ്റ്റ് ഓപ്പറേറ്റർ, സെക്യൂരിറ്റി

ജീവനക്കാർ, ഐ.ബി.എം.സി. ജീവനക്കാർ, സെൻട്രൽ ഏജൻസി ജീവനക്കാർ തുടങ്ങി ഷിഫ്റ്റ് ഡ്യൂട്ടിയിലുള്ള എല്ലാ ജീവനക്കാരും നോർത്ത് സാന്റ്‌വിച്ച് ബ്ലോക്ക്, സൗത്ത് സാന്റ്‌വിച്ച് ബ്ലോക്ക് എന്നിവിടങ്ങളിലെ പ്രവേശന കവാടത്തിൽ സ്ഥാപിച്ചിട്ടുള്ളവയിൽ പ്രത്യേകം അടയാളപ്പെടുത്തപ്പെട്ട ഫിംഗർപ്രിന്റ് ബയോസ്റ്റേഷൻ (പഞ്ചിംഗ് മെഷീൻ) മുഖേന അവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തേണ്ടതാണ്. ടി പഞ്ചിംഗ് മെഷീനുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്ന മുറയ്ക്ക് ഈ സൗകര്യം പ്രാബല്യത്തിലാകുന്നതാണ്.

ഷിഫ്റ്റ് ഡ്യൂട്ടിയിലുള്ള ജീവനക്കാരുടെ പെർമനന്റ് എംപ്ലോയീ നമ്പർ (PEN) ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട വിഭാഗങ്ങളിലെ മേലധികാരികൾ അറ്റൻഡൻസ് മാനേജ്മെൻറ് സിസ്റ്റംസിൻെറ ചുമതലയുള്ള കെൽട്രോൺ എൻജിനീയറെയും പൊതുഭരണ വകുപ്പിനെയും അറിയിക്കേണ്ടതാണ്.

അറ്റൻഡൻസ് മാനേജ്മെൻറ് സിസ്റ്റത്തിലെ ബന്ധപ്പെട്ട എൻജിനീയർ പ്രസ്തുത രണ്ട് മെഷീനുകളിലും ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ഷിഫ്റ്റ് ഡ്യൂട്ടി ജീവനക്കാർക്കു കൃത്യമായി ഹാജർ രേഖപ്പെടുത്തുന്നതിന് ഉടൻതന്നെ ആവശ്യമായ സൗകര്യമേർപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

മനോജ് ജോഷി
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകളുടേയും അഡീഷണൽ/
ജോയിൻറ്/ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറിമാർക്കും/സെക്ഷൻ ഓഫീസർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്/ സെക്രട്ടറിയ്ക്ക്/പ്രൈവറ്റ് സെക്രട്ടറിക്ക്.
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
പൊതുഭരണ വകുപ്പു സെക്രട്ടറിയുടെ പി.എ. യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
ചീഫ് സെക്യൂരിറ്റി ഓഫീസർക്ക്.
ആഭ്യന്തര വകുപ്പിന്. (അറിവിലേയ്ക്കായി)
പൊതുഭരണ (ഹൗസ്കീപ്പിംഗ് സെൽ/പൊളിറ്റിക്കൽ) വകുപ്പുകൾക്ക് ( അറിവിലേയ്ക്കായി)